"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ - 100 ലക്ഷം രൂപയുടെ ബ്രിഡ്ജ് ലോൺ കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും അനുവദിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.869/2023/ID    തീയതി,തിരുവനന്തപുരം, 24-08-2023

---

പരാമർശം:- 1) റിയാബ് സെക്രട്ടറിയുടെ 29.07.2023 -ലെ ADMN-Q/1-0/2023/D-362 നമ്പർ കത്ത്.

2) 17.08.2023 -ലെ കെ.എസ്.ഐ.ഡി.സി യുടെKSIDC/TVPM/PROJ/2023/651 നം. കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന് 150 ലക്ഷം രൂപയുടെ ബ്രിഡ്ജ് ലോൺ അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം റിയാബ് സെക്രട്ടറി ശിപാർശ സമർപ്പിക്കുകയും പരാമർശം (2) പ്രകാരം കേരള സംസ്ഥാന ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പ്രസ്തുത ശിപാർശയിൻമേലുള്ള റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു കോടി രൂപ, സർക്കാരിൽ നിന്നും വർക്കിംഗ് ക്യാപിറ്റൽ അസിസ്റ്റൻസ് ലഭ്യമാകുന്ന മുറയ്ക്ക് മുഴുവൻ തുകയും അനുവദനീയമായ പലിശ സഹിതം ബാംബൂ കോർപ്പറേഷൻ കേരള സംസ്ഥാന ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന് തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിൽ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന് കേരള സംസ്ഥാന ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും ബ്രിഡ്ജ് ലോണായി 100 ലക്ഷം രൂപ (നൂറ് ലക്ഷം രൂപ മാത്രം) അടിയന്തരമായി അനുവദിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, തിരുവനന്തപുരം
സെക്രട്ടറി, റിയാബ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, എറണാകുളം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ-ബിപ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), തിരുവനന്തപുരം
ഐ&പി.ആർ.ഡി (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ (IND-K1/250/2023-IND)

ഉത്തരവിൻ പ്രകാരം
Signed by
S Padmaja
Date: 24-08-2023 14:57:35
സെക്ഷൻ ഓഫീസർ